കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.റോസമ്മ സാമുവലിന്റെ നിയമനം ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(സാധാ) നം.3515/2015/തസ്വഭവ തീയതി, തിരുവനന്തപുരം, 26/11/2015**

---

പരാമർശം : (1) 25/11/2005 ലെ സ.ഉ(പി).501/05/ധന നമ്പർ ഉത്തരവ്.
(2) 9/02/2010 ലെ സ.ഉ(പി).61/2010/ധന നമ്പർ ഉത്തരവ്.
(3) ശ്രീമതി. റോസമ്മ സാമുവലിന്റെ 16/09/2011 ലെ അപേക്ഷ.
(4) കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22/02/2012 ലെ IV(4) നമ്പർ തീരുമാനം.
(5) പഞ്ചായത്തു ഡയറക്ടറുടെ 29/06/2012 ലെ ഇ 9- 377/ 2012 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.റോസമ്മ സാമുവൽ തന്റെ നിയമനം ക്രമവൽക്കരിക്കണമെന്നഭ്യർത്ഥിച്ച് പഞ്ചായത്ത് ഡയറക്ടർ മുഖേന പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളെ സ്ഥിരപ്പെടുത്തണമെന്നഭ്യർത്ഥിച്ച് പരാമർശം 4 പ്രകാരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും പരാമർശം 5 ലെ കത്തു പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 760.71 ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യ ഉള്ള കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിലുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.റോസമ്മ സാമുവലിനെ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പറുടെ തസ്തികയിൽ 09/02/2010 തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി.റോസമ്മ സാമുവൽ വിരമിക്കുന്ന മുറയ്ക്ക് ടി ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല. സി.എസ്**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി ജില്ല
സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്, ഇടുക്കി ജില്ല
ശ്രീമതി. റോസമ്മ സാമുവൽ ,പാർട്ട് ടൈം സ്വീപ്പർ, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്, ഇടുക്കി ജില്ല (സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം.126 /ഡെവ. 1/15/ധന തീയതി 27/07/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ